# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.3284 — 13/03/2017-ൽ മറുപടിക്ക്

### ഹജ്ജ് എംബാർക്കേഷൻ പോയിന്റ്

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം<br>: | | മറുപടി<br>ശ്രീ.കെ.ടി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|---|
| എ) 2017 ലെ കേരളത്തിൽ നിന്നുള്ള ഹജ്ജ് എംബാർക്കേഷൻ പോയിന്റായി നെടുമ്പാശ്ശേരി എയർപോർട്ട് തീരുമാനിക്കുന്നതിന് മുന്നോടിയായി കേരള സർക്കാരിനോട് ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ കേന്ദ്ര ഹജ്ജ് കമ്മിറ്റിയോ, കേന്ദ്ര സർക്കാരോ ആവശ്യപ്പെട്ടിരുന്നുവോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | എ) | ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരിന്റേയോ സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെയോ അഭിപ്രായം കേന്ദ്ര സർക്കാരോ കേന്ദ്ര ഹജ്ജ് കമ്മിറ്റിയോ ആവശ്യപ്പെട്ടിരുന്നില്ല. |
| ബി) കരിപ്പൂർ (കോഴിക്കോട്) എയർപോർട്ടിൽ ഹജ്ജ് എംബാർക്കേഷൻ പോയിന്റ് പുന:സ്ഥാപിക്കുന്നതിന് വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ വിശദമാക്കാമോ; | ബി) | ഈ വർഷാരംഭത്തിൽ തന്നെ ഹജ്ജ് എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേക്ക് മാറ്റുന്നതിനു സർക്കാരും ഹജ്ജ് കമ്മിറ്റിയും ശ്രമങ്ങൾ നടത്തി വരികയാണ്. എംബാർക്കേഷൻ കോഴിക്കോടിൽ നില നിർത്തണമെന്നാവശ്യപ്പെട്ടു കൊണ്ട്, കേന്ദ്ര സിവിൽ വ്യോമയാന മന്ത്രി, ന്യൂന പക്ഷ വകുപ്പ് മന്ത്രി എന്നിവരുമായി സംസ്ഥാന ഹജ്ജ്.വകുപ്പ് മന്ത്രിയും ഹജ്ജ് കമ്മിറ്റി ചെയർമാനും രണ്ടിലധികം തവണ നേരിൽ കൂടിക്കാഴ്ച നടത്തി. ഇപ്പോഴും നിരന്തരം ബന്ധപ്പെട്ടു കൊണ്ടിരിക്കയാണ്. കേന്ദ്ര ഹജ്ജ് കമ്മിറ്റി ചെയർമാൻ ശ്രീ.ചൗധരി മെഹ്ബൂബ് അലി കൈസർ 25.01.2017 നു ഹജ്ജ് ഹൗസ് സന്ദർശിച്ചപ്പോൾ പ്രസ്തുത കാര്യങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കേരളത്തിലെ രാജ്യസഭാ, ലോക് സഭാ എം.പി മാരുടെയും മറ്റു പ്രധാന വ്യക്തികളുടെയും പിന്തുണ കൂടി ഇക്കാര്യത്തിൽ സംസ്ഥാന ഹജ്ജ് കമ്മിറ്റി തേടിയിട്ടുണ്ട്. കൂടാതെ 28.02.2017 ൽ നടന്ന കേന്ദ്ര ഹജ്ജ് കമ്മിറ്റി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനും |

അനുകൂല നിലപാടെടുക്കുന്നതിനും എല്ലാ കേന്ദ്ര ഹജ്ജ് കമ്മിറ്റി മെമ്പർമാരുടെയും സഹായം അഭ്യർത്ഥിച്ചിരുന്നു.

സി) കേരളത്തിൽ നിന്ന് 2017 ലെ ഹജ്ജ് കർമ്മത്തിന് അപേക്ഷ നൽകിയ (സർക്കാർ മുഖേന) തീർത്ഥാടകരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ നൽകാമോ?

സി) അപേക്ഷകരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. (ടി വിവരങ്ങൾ തയ്യാറാക്കിയിരിക്കുന്നത് 06-03-2017 വരെ സ്ക്രൂട്ടിണി ചെയ്ത് ഡാറ്റാ എൻട്രി പൂർത്തിയാക്കിയ എണ്ണത്തെ അടിസ്ഥാനമാക്കിയാണ്. ആയതിൽ അവസാന ഘട്ടത്തിൽ വ്യത്യാസം വരാൻ സാദ്ധ്യതയുണ്ട്.)

| ക്രമ നം. | ജില്ല | തീർത്ഥാടകരുടെ എണ്ണം | | | |
|---|---|---|---|---|---|
| | | പുരുഷന്മാർ | സ്ത്രീകൾ | ശിശുക്കൾ | ആകെ |
| 1 | തിരുവനന്തപുരം | 1066 | 1015 | 2 | 2083 |
| 2 | കൊല്ലം | 881 | 858 | 1 | 1740 |
| 3 | പത്തനംതിട്ട | 189 | 172 | 0 | 361 |
| 4 | കോട്ടയം | 589 | 534 | 0 | 1123 |
| 5 | ഇടുക്കി | 437 | 425 | 1 | 863 |
| 6 | ആലപ്പുഴ | 630 | 667 | 2 | 1299 |
| 7 | എറണാകുളം | 3054 | 3348 | 4 | 6406 |
| 8 | തൃശൂർ | 1113 | 1182 | 1 | 2296 |
| 9 | പാലക്കാട് | 2194 | 2317 | 2 | 4513 |
| 10 | മലപ്പുറം | 12060 | 13571 | 23 | 25644 |
| 11 | കോഴിക്കോട് | 10634 | 13195 | 24 | 23853 |
| 12 | വയനാട് | 1033 | 1344 | 0 | 2377 |
| 13 | കണ്ണൂർ | 6000 | 7176 | 17 | 13193 |
| 14 | കാസർഗോഡ് | 4322 | 5117 | 15 | 9454 |
| ആകെ എണ്ണം | | 95205 | | | |

സെക്ഷൻ ഓഫീസർ